**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4646** **19-07-2022 - ൽ മറുപടിയ്ക്ക്**

**കിഴക്കൻമല കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ധനസഹായത്തോടെ അനുമതി ലഭിച്ച പാറശ്ശാല മണ്ഡലത്തിലെ കിഴക്കൻമല കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | **കിഴക്കൻമല കുടിവെള്ള പദ്ധതിയ്ക്കായി കിഫ്ബി വഴി 43.09 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ സാങ്കേതികാനുമതി ലഭ്യമാക്കി ദർഘാസുകൾ ക്ഷണിച്ചെങ്കിലും, ഉയർന്ന തുക ക്വാട്ട് ചെയ്തതിനാൽ ദർഘാസ് അനുവദിക്കാൻ സാധിച്ചില്ല. തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വീണ്ടും ദർഘാസ് ക്ഷണിക്കുവാൻ കേരള വാട്ടർ അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം രണ്ട തവണ ദർഘാസ് ക്ഷണിക്കുകയും, അവസാന ദർഘാസിൽ ഒരാൾ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട് . ടെൻഡർ വ്യവസ്ഥ പ്രകാരം പ്രീ ക്വാളിഫിക്കേഷൻ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. പ്രീക്വാളിഫിക്കേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കരാറുകാരൻ ക്വോട്ട് ചെയ്ത തുക തുറന്ന് പരിശോധിക്കുകയും ദർഘാസ് അനുവദിക്കുന്നത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ് .** |
| (ബി) | 2017-18 ൽ ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതി ടെണ്ടർ നടപടികൾ പൂർത്തിയാക്കി നാളിതുവരെ ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | **പദ്ധതിയുടെ ഭാഗമായ വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥലങ്ങൾ ലഭ്യമാകുന്നതിൽ താമസമുണ്ടായിട്ടുണ്ട്. സ്ഥലങ്ങൾ ലഭ്യമായ മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച് സാങ്കേതികാനുമതിയും ലഭ്യമാക്കി ദർഘാസുകൾ ക്ഷണിച്ചെങ്കിലും ആദ്യ ദർഘാസിൽ ഒരു കരാറുകാരൻ മാത്രം പങ്കെടുത്തതിനാൽ ദർഘാസ്സ് തുറക്കാൻ നിലവിലെ നിയമ പ്രകാരം സാധിക്കുമായിരുന്നില്ല. പുനർദർഘാസിൽ 3 കരാറുകാർ പങ്കെടുത്തെങ്കിലും ഒരാൾ മാത്രമേ യോഗ്യത നേടിയുള്ളൂ. ടി ദർഘാസിന്റെ അടങ്കൽത്തുക 35.84 കോടി രൂപയായിരുന്നു. യോഗ്യത നേടിയ കരാറുകാരൻ ക്വാട്ട് ചെയ്ത തുക 45.10 കോടി രൂപയായിരുന്നു, ഇത് അടങ്കൽ** |

| | | | |
|---|---|---|---|
| | | | തുകയേക്കാളും 25.83% കൂടുതലായിരുന്നു. എന്നാൽ നിലവിലെ നിയമ പ്രകാരം LMR (local Market Rate) നിരക്കായ 41.56 കോടി രൂപയ്ക്കാണ് ദർഘാസ് അനുമതി നൽകിയത് . ഇതനുസരിച്ച കരാറുകാരന് 20/11/2021 ന് selection notice നൽകിയെങ്കിലും ക്വാട്ട് ചെയ്ത തുകയ്ക്ക് കരാർ അനുമതി നൽകാത്തതിനാൽ കരാറുകാരൻ വിസമ്മതം അറിയിക്കുകയുണ്ടായി. തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 38,85,40,011/-രൂപ അടങ്കൽ തുകയായി ദർഘാസ് ക്ഷണിക്കുകയും ആരും തന്നെ പങ്കെടുക്കാ ത്തതിനാൽ പ്രസ്തുത ടെണ്ടർ റദ്ദാക്കുകയും പുനർ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. പുനർ ദർഘാസ് 07.07.2022 ന് തുറക്കുകയും ഒരു കരാറുകാരൻ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ടെൻഡർ വ്യവസ്ഥ പ്രകാരം പ്രീക്വാളിഫിക്കേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കരാറുകാരൻ ക്വോട്ട് ചെയ്ത തുക തുറന്ന് പരിശോധിക്കുകയും ദർഘാസ് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കരാറുകാരന് പ്രവർത്തി അനുവദിച്ച് നൽകുകയും ചെയ്യുന്നതാണ്. നിലവിലുള്ള ടെണ്ടർ സംബന്ധമായ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ സങ്കീർണമല്ലെങ്കിലും വാട്ടർ അതോറിറ്റിയിൽ പൊതുവെ പ്രസ്തുത നിർദ്ദേശങ്ങൾ വ്യാഖ്യാനിക്കുന്നതിൽ ചില അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. ജനങ്ങൾക്ക് വളരെ അടിയന്തിരമായി ലഭിക്കേണ്ട സേവനമാണെങ്കിൽ പ്രത്യേക സാഹചര്യങ്ങളിൽ ആദ്യ ടെൻഡർ സിംഗിൾ ടെണ്ടർ ആണെങ്കിൽ കൂടി നിബന്ധനകൾക്കനുസരിച്ച് സ്വീകരിക്കുവാൻ നിർദ്ദേശമുണ്ട്. അപ്രകാരം ജനങ്ങൾക്ക് വളരെ അടിയന്തിരമായി ലഭിക്കേണ്ട സേവനമാണെങ്കിൽ ഒന്നോ രണ്ടോ കരാർ കഴിയുമ്പോൾ നിലവിലെ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങളെ അവയുടെ ഉദ്ദേശ്യ ശുദ്ധിയോടെ വിശകലനം ചെയ്യുകയും ടെൻഡർ അനുവദിക്കാനാവില്ലെങ്കിൽ അത് സർക്കാരിന്റെ പ്രത്യേക അനുമതിയ്ക്ക് സമർപ്പിക്കുവാനും വേണ്ട നിർദ്ദേശം വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ചട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ടും എന്നാൽ ഏറ്റവും പ്രായോഗികമായ എസ്റ്റിമേറ്റ് തയ്യാറാക്കാനും ഉപദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കാമോ? | (സി) | പ്രസ്തുത പദ്ധതി ഒറ്റ പാക്കേജായി നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. അതനുസരിച്ചാണ് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും, സാങ്കേതികാനുമതി ലഭ്യമായിട്ടുള്ളതും. പദ്ധതിയുടെ ദർഘാസ് നപടികൾ പുരോഗമിക്കുകയാണ്. ദർഘാസ് നടപടികൾ പൂർത്തിയാക്കി കരാറുകാരന് |

| | | | |
|---|---|---|---|
| | | | **പ്രവർത്തി നൽകി കഴിഞ്ഞാൽ 15 മാസത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.** |

സെക്ഷൻ ഓഫീസർ